പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1996 — 19.06.2012 -ലെ മറുപടി

**ചേർത്തല കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് പുതിയ ബസ്സുകൾ**

ചോദ്യം: ശ്രീ. എ. എം. ആരിഫ്

ഉത്തരം: ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചേർത്തല കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് എത്ര ബസ്സുകളാണ് ഉളളത്; | (എ) | ചേർത്തല കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് 102 ബസ്സുകളാണ് അനുവദിച്ചിട്ടുളളത്. |
| (ബി) | നിലവിൽ പ്രസ്തുത ഡിപ്പോയിൽ നിന്നും എത്ര സർവ്വീസുകൾ ഒരു ദിവസം ഓപ്പറേറ്റ് ചെയ്യുന്നു എന്ന് അറിയിക്കുമോ; | (ബി) | ചേർത്തല ഡിപ്പോയിൽ നിന്നും 99 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ഇവയിൽ പ്രതിദിനം ശരാശരി 85 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. |
| (സി) | ദിവസം ശരാശരി എത്ര ട്രിപ്പുകളാണ് മുടങ്ങുന്നത് എന്ന് അറിയിക്കുമോ; | (സി) | 14 ഷെഡ്യൂളുകളിലായി പ്രതിദിനം ശരാശരി 98 ട്രിപ്പുകൾ മുടങ്ങുന്നുണ്ട്. |
| (ഡി) | ട്രിപ്പുകൾ മുടങ്ങുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി പുതിയ 15 ബസ് ചേർത്തല ഡിപ്പോയ്ക്ക് അനുവദിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ? | (ഡി) | ചേർത്തല ഡിപ്പോയിൽ 99 ഷെഡ്യൂളുകൾ നടത്തുന്നതിന് നിലവിൽ 102 ബസ്സുകളാണ് അനുവദിച്ചിട്ടുളളത്. സ്പെയർ ബസ്സുകൾ നിലനിർത്തുന്നതിനായി 7 ബസ്സുകൾ ചേർത്തല ഡിപ്പോയിൽ കുറവുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ചേർത്തല ഡിപ്പോയ്ക്ക് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ